**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.247/PR/PIC/PHQ/18 Date:02.10.2018

**ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ നീന്തൽക്കുളം**
**മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു**

തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കോപ്ളക്സിൽ സ്ഥാപിച്ച സെമി ഒളിമ്പിക് പരിശീലന നീന്തൽ കുളത്തിന്റേയും പോലീസ് ഫിസിയോ തെറാപ്പി സെന്ററിന്റേയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

നമ്മുടെ കുട്ടികൾക്ക് നീന്തലിൽ താൽപര്യം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടം കൊയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈ മേഖലയിൽ മികവുറ്റ താരങ്ങളെ വാർത്തെടുക്കാൻ പുതിയ നീന്തൽ കുളത്തിലെ പരിശീലനം വഴി സാധിക്കും. ഇതോടൊപ്പം പ്രവർത്തനം തുടങ്ങിയ ഫിസിയോതെറാപ്പി സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക വിദേശനിർമ്മിത ഉപകരണങ്ങൾ കായികതാരങ്ങളുടെ പരിക്ക് ചികിത്സിക്കുന്നതിനും മറ്റും ഏറെ പ്രയോജനപ്രദമാകും. ഈ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ പോലീസ് സേനയും മറ്റുള്ളവരും മുന്നോട്ട് വരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

വി എസ് ശിവകുമാർ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മേയർ വി കെ പ്രശാന്ത്, മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ എന്നിവർ പങ്കെടുത്തു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സ്വാഗതവും എ ഡി ജി പി അനിൽകാന്ത് നന്ദിയും പറഞ്ഞു.

സംസ്ഥാനത്തെ ആദ്യ ക്ലോറിൻ രഹിത നീന്തൽക്കുളമാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളത്തിലും ഫിസിയോതെറാപ്പി സെന്ററിലും പൊതുജങ്ങൾക്കും പ്രവേശനം ലഭിക്കും.

ഫോട്ടോ ക്യാപ്ഷൻ : 1.ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കോപ്ളക്സിൽ സ്ഥാപിച്ച സെമി ഒളിമ്പിക് പരിശീലന നീന്തൽ കുളം മുഖ്യമന്ത്രി പിണറായി വിജയൻ വീക്ഷിക്കുന്നു.

2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കോപ്ളക്സിൽ സ്ഥാപിച്ച ഫിസിയോ തെറാപ്പി സെന്റർ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിക്കുന്നു.

********************



